4. ബധിരർക്ക് മോഡൽ സ്കൂൾ	18,66,000	"
5. ബധിരർക്കുള്ള തൊഴിലധിഷ്ഠിത കോഴ്സ്	43,97,000	"
6. സ്പീച്ച് സയൻസ് ലബോറട്ടറി	10,75,000	"
7. ശ്രവണ സഹായി സൗജന്യ വിതരണം	10,00,000	"

(ഇ) ഉണ്ട്. ഇതിനായി നിഷിൽ ഫ്രീ സ്കൂൾ & പേരന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇവിടെ 3 വയസ്സിനു താഴെയുള്ള 55 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.

(എഫ്) സ്വീകരിച്ചിട്ടുണ്ട്. കേൾവി കുറവുള്ള കുട്ടികൾക്ക് വേണ്ടി നിഷിൽ "ഡിപ്ലോമ ഇൻ സോഫ്റ്റ് വെയർ സിസ്റ്റംസ്" എന്ന കമ്പ്യൂട്ടർ കോഴ്സ് നടത്തുന്നുണ്ട്. ഓരോ വർഷവും 15 പേരെ പ്രവേശിപ്പിക്കുന്ന ടി കോഴ്സിന്റെ കാലാവധി 3 വർഷമാണ്. 2008-ൽ പ്രവേശിപ്പിച്ച ആദ്യ ബാച്ച് ഈ വർഷം കോഴ്സ് പൂർത്തിയാക്കും. കേൾവി കുറവുള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ സിലബസും പരീക്ഷാ സമ്പ്രദായവുമാണ് ടി കോഴ്സിന്റെ പ്രത്യേകത.

(ജി) തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഹോം ഫോർ മെന്റലി ഡിഫിഷ്യന്റ് ചിൽഡ്രൺ എന്ന സ്ഥാപനം ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി ഹോർട്ടികൾച്ചർ തെറാപ്പി, യോഗ തെറാപ്പി, മ്യൂസിക് തെറാപ്പി എന്നി പരിശീലനത്തിന്റെ ഭാഗമായി നൽകി വരുന്നു. ടി ഇൻസ്റ്റിറ്റ്യൂട്ടിൽ ഡോക്കുമെന്റേഷൻ ആന്റ് ഇൻഫർമേഷൻ സെന്റർ, ബുദ്ധിപരിശോധന കേന്ദ്രം, പേരന്റ് കൗൺസിലിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ, ഫിസിയോ തെറാപ്പി സെന്ററും ഒരു ഗൈഡൻസ് സെന്ററും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടു കൂടിയുള്ള ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ എന്ന കോഴ്സും ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(എച്ച്) നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വികലാംഗക്ഷേമ പ്രവർത്തങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനും കാര്യക്ഷമവും ഫലപ്രദവുമായ നടപടി സ്വീകരിക്കുന്നതിനും 1995-ലെ വികലാംഗക്ഷേമ നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനും വേണ്ടി ആവശ്യമായ സ്റ്റാഫ് സഹിതം സ്റ്റേറ്റ് കമ്മീഷണറുടെ ആഫീസ് പ്രവർത്തിക്കുന്നുണ്ട്.

ജുവനൈൽഹോമിലെ തൊഴിലാളികൾ

37 (610) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഗവൺമെന്റ് ജുവനൈൽ ഹോമിലെ ദിവസക്കൂലിക്കാരായി കെയർടേക്കറായി ജോലി നോക്കുന്നവർക്ക് മാസങ്ങളായി വേതനം ലഭിക്കുന്നില്ലാ എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് ശമ്പളം നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2000 - 2001 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിൽ നിന്നും വേതനം ഭാഗികമായി നൽകിയിട്ടുണ്ട്. വേതനം കുടിശ്ശിക തീർത്തു നൽകുവാൻ ആവശ്യമായ നടപടികൾ എടുത്തു വരുന്നു.

സാമൂഹ്യക്ഷേമ വകുപ്പിലെ സ്പെഷ്യൽ റൂൾ

38 (611) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഇപ്പോഴത്തെ സ്പെഷ്യൽ റൂൾ എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത് ;

(ബി) സ്പെഷ്യൽ റൂൾസിലെ അപാകതകൾ പരിഹരിച്ച് പരിഷ്കരണം നടപ്പിലാക്കുവാൻ എന്നാണ് പുതിയ കമ്മിറ്റിയെ നിയമിച്ചത്. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) സ്പെഷ്യൽ റൂൾ പരിഷ്ക്കരണത്തിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിലേക്കുള്ള പ്രൊമോഷൻ ചാനലും സൂപ്പർ വൈസർ തുടങ്ങിയ ടെക്നിക്കൽ സ്റ്റാഫിന്റെ ഡിപ്പാർട്ടുമെന്റ് തല പ്രൊമോഷൻ ചാനലും വേർതിരിക്കുകയും ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ ഇത് സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഇപ്പോഴത്തെ സ്പെഷ്യൽ റൂൾ 9-9-1975 മുതലാണ് പ്രാബല്യത്തിൽ വന്നത്. 5-8-92 ൽ സ്പെഷ്യൽ റൂൾ പ്രസിദ്ധീകരിച്ചു.

(ബി) സ്പെഷ്യൽ റൂളിലെ അപാകതകൾ പരിഹരിച്ച് ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 19-6-2000-ൽ ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചു. സ്പെഷ്യൽ ആഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് സർക്കാരിന്റെ പരിശോധനയിലാണ്.

(സി) പരിശോധിച്ചു വരുന്നു.

(ഡി) പരിശോധിച്ചു വരുന്നു.

(ഇ) പരിശോധിച്ച ശേഷം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly